"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ്-കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റ് മില്ലായ എടരിക്കോട് ടെക്സ്റ്റൈൽസിലെ സ്പിന്നിംഗ് പീസർ ആയിരുന്ന പരേതനായ കെ.വി.ഉമ്മറിന്റെ ഭാര്യ ശ്രീമതി.ഹഫ്സത്ത്.ഇ-യ്ക്ക് എടരിക്കോട് ടെക്സ്റ്റൈൽസിൽ വർക്കർ ട്രെയിനി തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(കൈ) നം.63/2022/ID   തീയതി,തിരുവനന്തപുരം, 28-06-2022

---

പരാമർശം:-

1. 07.06.2007 ലെ സ.ഉ(പി). 32/2007/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 22.11.2018 ലെ സ.ഉ(കൈ) നം.18/2018/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
3. മലപ്പുറം ജില്ലാ കളക്ടറുടെ 29.06.2019 ലെ DCMPM/8408/2018/A2 നമ്പർ കത്ത്
4. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 18.03.2022 ലെ P/244/01/1912 നമ്പർ കത്തും 07.06.2022 ലെ പി/244/01/385 നമ്പർ കത്തും

**ഉത്തരവ്**

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റ് മില്ലായ എടരിക്കോട് ടെക്സ്റ്റൈൽസിൽ സ്പിന്നിംഗ് പീസർ ആയി ജോലിയിലിരിക്കെ മരണപ്പെട്ട കെ.വി.ഉമ്മറിന്റെ ഭാര്യ ശ്രീമതി.ഹഫ്സത്ത്.ഇ (മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കോട്ടക്കൽ വില്ലേജിൽ കൈതവളപ്പിൽ ഹൗസ്, വില്ലൂർ, ഇൻഡ്യനൂർ.പി.ഒ) യ്ക്ക് എടരിക്കോട് ടെക്സ്റ്റൈൽസിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതമായ അനുയോജ്യമായ തസ്തികയിൽ ജോലി നൽകണമെന്നാവശ്യപ്പെട്ട് മില്ലിലെ യൂണിറ്റ്-ഇൻ- ചാർജ്ജ് മുഖേന ടിയാൾ മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും റിപ്പോർട്ട് സഹിതം പരാമർശം(3) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

(2) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസിൽ സ്പിന്നിംഗ് പീസർ ആയി ജോലി ചെയ്തുവരികെ 02.10.2016ന് മരണപ്പെട്ട കെ.വി.ഉമ്മർ എന്നയാൾക്ക് 21 വർഷവും 11 മാസവും 20 ദിവസവും സർവ്വീസ് ഉണ്ടെന്നും പരേതന്റെ ഭാര്യയും അപേക്ഷകയുമായ ശ്രീമതി.ഹഫ്സത്ത്.ഇ എന്നയാൾ 7-ാം ക്ലാസ്സ്

15/6/2022

വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ളതും അപേക്ഷകയുടെ ജനനത്തീയതി 04.10.1977 ആണെന്നും അപേക്ഷക 07.01.2018 തീയതിയിലെ സ.ഉ (പി) നമ്പർ.01/2018/ഉ.ഭ.പ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക (3) പ്രകാരം അർഹതയുള്ള ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നുണ്ടെന്നും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷകയല്ലാതെ മറ്റാരും അപേക്ഷ സമർപ്പിക്കുകയോ തൊഴിൽ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ടിയാൾ മരണപ്പെട്ടയാളുടെ ഭാര്യയായതിനാൽ മറ്റു അവകാശികളുടെ സമ്മതപത്രം ആവശ്യമില്ലെന്നും അപേക്ഷക പുനർവിവാഹിതയല്ലെന്നും 06.11.2017 തിയതിയിലെ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷക ഉൾപ്പെടെയുള്ള കുടുംബത്തിന്റെ വാർഷിക വരുമാനം 36,000/- (മുപ്പത്തിയാറായിരം രൂപ) രൂപയാണെന്നും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) മലപ്പുറം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ ഏതെങ്കിലുമൊന്നിൽ മുൻഗണനാ ക്രമത്തിൽ ജോലി ചെയ്യുവാൻ തയ്യാറാണെന്ന് അപേക്ഷക സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. അപേക്ഷകയുടെ വയസ്സ്, കുടുംബ വാർഷിക വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ കണക്കിലെടുത്ത് പരേതനായ കെ.വി ഉമ്മർ എന്നയാളുടെ ഭാര്യ ശ്രീമതി.ഹഫ്സത്ത്. ഇ(മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കോട്ടക്കൽ വില്ലേജിൽ കൈതവളപ്പിൽ ഹൗസ്, വില്ലൂർ, ഇൻഡ്യനൂർ.പി.ഒ) എന്നയാൾക്ക് നിയമാനുസൃതമായ അനുയോജ്യമായ തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(4) എടരിക്കോട് ടെക്സ്റ്റൈൽസിൽ വർക്കർ വിഭാഗത്തിൽ ദീർഘകാല കരാർ പ്രകാരം ആവശ്യമായ 200 തസ്തികയിൽ 159 സ്ഥിരം വർക്കേഴ്സ് ആണുള്ളതെന്നും ആയതിനാൽ സ്ഥിരം ഒഴിവ് നിലവിലുള്ളതുകൊണ്ട് എടരിക്കോട് ടെക്സ്റ്റൈൽസിൽ വർക്കർ കാറ്റഗറിയിൽ 'വർക്കർ ട്രയിനി' യായി ശ്രീമതി.ഹഫ്സത്ത്.ഇ എന്നയാൾക്ക് നിയമാനുസൃതമായ അനുയോജ്യമായ തസ്തികയിൽ ആശ്രിതനിയമനം നൽകാവുന്നതാണെന്നാണ് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്. ശ്രീമതി.ഹഫ്സത്ത്.ഇ എന്നയാൾക്ക് ആശ്രിത നിയമനം നൽകുന്നതിന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് 2020ന്റെ തുടക്കത്തിൽ മിൽ ലേ ഓഫിലായിരുന്നെന്നും മുൻ കാലങ്ങളിലെ പ്രവർത്തന നഷ്ടം മൂലം മിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുമായിരുന്നെന്നും നിലവിലുള്ള തൊഴിലാളികൾക്ക് പോലും തൊഴിൽ നഷ്ടമുണ്ടാകുകയും വേതനം കൃത്യമായി നൽകുവാൻ കഴിയാത്ത സാഹചര്യവുമാണ് കോവിഡിനു ശേഷമുണ്ടായതെന്നും കോർപ്പറേഷന്റെ ഭാഗത്തു നിന്നു വന്ന കാലതാമസം മന:പൂർവ്വമായി ഉണ്ടായതല്ലായെന്നും പരാമർശം (4) പ്രകാരം മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സമയപരിധിക്കുള്ളിൽ തന്നെ അപേക്ഷ സമർപ്പിച്ചിട്ടും നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനു കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നുണ്ടായ കാലതാമസം സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ നൽകിയ വിശദീകരണം സർക്കാരിനു ബോധ്യപ്പെട്ടിട്ടുണ്ട്.

(5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റ് മില്ലായ എടരിക്കോട് ടെക്സ്റ്റൈൽസിലെ സ്പിന്നിംഗ് പീസർ

ആയിരുന്ന പരേതനായ കെ.വി.ഉമ്മറിന്റെ ഭാര്യ ശ്രീമതി.ഹഫ്സത്ത്.ഇ എന്നയാൾക്ക്(കൈതവളപ്പിൽ ഹൗസ്, വില്ലൂർ, ഇൻഡ്യന്നൂർ.പി.ഒ, കോട്ടക്കൽ, മലപ്പുറം ജില്ല) എടരിക്കോട് ടെക്സ്റ്റൈൽസിൽ വർക്കർ ട്രെയിനി തസ്തികയിൽ പരാമർശം (1) ഉത്തരവിലെ സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി നിയമനം നൽകുവാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(6) അപേക്ഷകയായ ശ്രീമതി.ഹഫ്സത്ത്.ഇ യുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ്, ആശ്രിത നിയമനത്തിനാവശ്യമായ ആധാർ കാർഡ് ഉൾപ്പെടെയുള്ള മറ്റു രേഖകളും സർട്ടിഫിക്കറ്റുകളും മുൻ പ്രമാണങ്ങളും അവയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കിയ ശേഷം, പരാമർശം (1)ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. പ്രായം, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും സമീപകാലത്തെടുത്ത ഫോട്ടോയും തിരിച്ചറിയൽ രേഖകളും അവയുടെ ആവശ്യമായ പകർപ്പുകളും (സാക്ഷ്യപ്പെടുത്തിയത്) ഉൾപ്പെടെ നിയമനാധികാരി ആവശ്യപ്പെടുന്ന രേഖകളും നിയമന റൂൾസ് പ്രകാരം അപേക്ഷകയുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായിട്ടുള്ളതും നിലവിൽ ഒഴിഞ്ഞു കിടക്കുന്നതുമായ വർക്കർ ട്രെയിനി തസ്തികയിലേയ്ക്കാണ് നിയമനം നടത്തേണ്ടത്.

(7) അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ്, അപേക്ഷക ജോലിയിൽ പ്രവേശിച്ച റിപ്പോർട്ട് സഹിതം നിയമനാധികാരി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. എടരിക്കോട് ടെക്സ്റ്റൈൽസിലെ സ്പിന്നിംഗ് പീസറായിരുന്ന പരേതനായ കെ . വി ഉമ്മറിന്റെ സർവ്വീസ് ബുക്കിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഭാര്യ ശ്രീമതി. ഹഫ്സത്ത് . ഇ യ്ക്ക് നിയമനം നൽകിയതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വരുത്തേണ്ടതാണ് .

(8) സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ച സമയത്തോ അന്വേഷണ സമയത്തോ നിയമനം നേടിയതിനു ശേഷമോ അപേക്ഷക വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ തെറ്റായ വിവരം ലഭ്യമാക്കിയതായി ബോധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം ഈ ഉത്തരവിൽ പിഴവ് സംഭവിച്ചിട്ടുള്ളതായി കണക്കിലെടുത്ത് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ഈ അനുമതി ഉത്തരവ് നിയമനാധികാരിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീമതി.ഹഫ്സത്ത്.ഇ, കൈതവളപ്പിൽ ഹൗസ്, വില്ലൂർ (വെസ്റ്റ് ),
ഇൻഡ്യന്നൂർ.പി.ഒ, കോട്ടയ്ക്കൽ, മലപ്പുറം ജില്ല പിൻ.676503

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, തിരുവനന്തപുരം

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

വിവര-പൊതുജനസമ്പർക്ക വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കെ-ബിപ്,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Padmasekhar P
Date: 29-06-2022 10:50:57
സെക്ഷൻ ഓഫീസർ

പകർപ്പ് ;- ബഹു .വ്യവസായ വകുപ്പ് മന്ത്രിയുടെ പി എസ് ന്